അപകടങ്ങളിൽപ്പെടുന്നവർക്ക് അടിയന്തര ചികിത്സ

252 (2080) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അപകടങ്ങളിൽപ്പെടുന്നവരെ എത്രയും വേഗത്തിൽ ആശുപത്രികളിൽ എത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുള്ള മുൻ കരുതൽ നടപടികളെക്കുറിച്ച് വ്യക്തമാക്കുമോ ;

(ബി) അപകടത്തിനിരയാകുന്നവർക്ക് അടിയന്തര ചികിത്സ ലഭ്യമാക്കാൻ സർക്കാർ/സ്വകാര്യ ആശുപത്രികൾക്ക് എന്തെങ്കിലും പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) അപകടത്തിനിരയാകുന്നവരെ ആശുപത്രിയിലെത്തിക്കുന്നവർക്ക് ബുദ്ധിമുട്ടുണ്ടാക്കാതെ അപകടത്തെക്കുറിച്ചുള്ള വസ്തുതാ ശേഖരണത്തിനും തുടർ നടപടികൾക്കും ഇപ്പോൾ അനുവർത്തിച്ചുവരുന്ന രീതി എന്താണെന്നും ഇതിന് എന്തെങ്കിലും പരിഷ്കരണം പരിഗണനയിലുണ്ടോ എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) 24 മണിക്കൂറും ഹൈവേ പോലീസിന്റെ സേവനവും സർക്കാർവക ആംബുലൻസ് സർവ്വീസും ലഭ്യമാക്കിയിട്ടുണ്ട്. ഇതിനായി ഹൈവേ സുരക്ഷാ ജാഗ്രതാ സമിതി രൂപീകരിച്ചും ഹൈവേ പോലീസിന്റെയും സ്റ്റേഷൻ മൊബൈലുകളുടേയും ട്രാഫിക് പോലീസിന്റേയും സേവനം ഉപയോഗപ്പെടുത്തി വാഹനാപകടങ്ങളിൽപ്പെടുന്നവരെ എത്രയും പെട്ടെന്ന് ആശുപത്രിയിലെത്തിക്കുകയും കൂടാതെ സ്മൈൽ പദ്ധതി പ്രകാരം പോലീസും ആരോഗ്യ വകുപ്പും സംയുക്തമായി വാഹനാപകടങ്ങളിൽപ്പെടുന്നവരെ ഫസ്റ്റ് എയ്ഡ് ചികിത്സ നടത്തി ആശുപത്രികളിലെത്തിക്കേണ്ട നടപടികളും സ്വീകരിച്ചുവരുന്നു. മാത്രമല്ല വാഹനാപകടങ്ങളിൽപ്പെടുന്നവരെ ആശുപത്രിയിലെത്തിക്കാൻ സഹായിക്കുന്നവർക്ക് ആക്സിഡന്റ് റിലീഫ് സ്കീം പ്രകാരം പോലീസ് ധനസഹായം നൽകിവരുന്നു.

(ബി) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 12-5-2015-ലെ 25035/101/2014/ആർ.എസ്. നമ്പർ വിജ്ഞാപനത്തിൽ അപകടത്തിൽ ഇരയാവുന്നവർക്ക് അടിയന്തര ചികിത്സ ലഭ്യമാക്കാൻ സർക്കാർ/സ്വകാര്യ ആശുപത്രികൾക്ക് കൃത്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) പരിക്കേൽക്കുന്നവരെ ആശുപത്രിയിൽ എത്തിച്ചു എന്ന കാരണത്താൽ ഒരു വ്യക്തിക്കും ബുദ്ധിമുട്ട് ഉണ്ടാക്കരുതെന്നും പരിക്കേറ്റയാളെ ആശുപത്രിയിൽ എത്തിച്ച വ്യക്തിയുടെ മൊഴി കേസിന്റെ ആവശ്യത്തിനായി എടുക്കേണ്ടതുണ്ടെങ്കിൽ അവരുടെ സൗകര്യാർത്ഥം മൊഴി എടുക്കണമെന്നും അവരെ യാതൊരു കാരണവശാലും തുടർനടപടികൾക്കായി ബുദ്ധിമുട്ടിക്കരുതെന്നും മറ്റും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

മയക്കുമരുന്ന് മാഫിയയെ അമർച്ച ചെയ്യുന്നതിന് പദ്ധതി

253 (2081) ശ്രീ. കെ. മുരളീധരൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്ന് മാഫിയയെ അമർച്ച ചെയ്യുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങൾ നേടിയെടുക്കുവാൻ വേണ്ടിയാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) മയക്കുമരുന്ന് മാഫിയയെ അമർച്ച ചെയ്ത് മയക്കുമരുന്നുകളുടെ വ്യാപനം തടയുന്നതിനായി, 'സ്പെഷ്യൽ ഡ്രൈവ് പ്രോജക്ട്', 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് ' പദ്ധതികളും കൂടാതെ 'ഓപ്പറേഷൻ സുരക്ഷ' പോലുള്ള പദ്ധതികൾ പ്രകാരവും പോലീസ്, എക്സൈസ് ഉദ്യോഗസ്ഥർ നിരന്തരമായ റെയ്ഡുകളും മറ്റും നടത്തിയും മയക്കുമരുന്നുകളുടെ വ്യാപനം തടയാനുള്ള കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വിദ്യാലയങ്ങളിലും സമൂഹത്തിലും മയക്കുമരുന്നിന്റെ ഉപയോഗം, വ്യാപനം, വില്പന എന്നിവ തടയുക, സമൂഹത്തിന്റെ പ്രത്യേകിച്ച് യുവജനങ്ങളെ മയക്കുമരുന്ന് വിപത്തിൽ നിന്നും മുക്തരാക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ.

(സി) 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് ', ജനമൈത്രി, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്റ്റുഡന്റ്സ് പോലീസ്, മറ്റ് സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹകരണത്തോടെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചും സ്കൂൾ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി ലഹരി മരുന്നുകൾക്കെതിരെ എക്സൈസ് വകുപ്പ് കൈപ്പുസ്തകവും ലഘുലേഖകളും വിതരണം ചെയ്തും സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ സപ്പോർട്ടിംഗ് ടീം (SIST)-ന്റെ കീഴിൽ രൂപീകരിക്കപ്പെട്ട ആന്റി-നാർക്കോട്ടിക് സ്ക്വാഡിന്റെ പ്രവർത്തനംവഴിയും രാത്രികാല വാഹന പരിശോധനകൾ നടത്തിയും മയക്കുമരുന്ന് ഉല്പന്നങ്ങളുടെ ഉപയോഗം, വ്യാപനം, വില്പന എന്നിവ തടയുന്നതിനായി കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly